കേരള സർക്കാർ

# ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്
# **2015-16**
## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
**website : www.lfa.kerala.gov.in**
**e-mail : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.12)/2123/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 15.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് – 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടിഡയറക്ടർ (ഹ. ഗ്രേഡ്)

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3. ഓഫീസ് കോപ്പി.

നം.കെ.എസ്.എ.-ഇ.കെ.എം(പി.12)2123/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 15.12.2016

# എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2015 മുതൽ 31.3.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.11.2016 മുതൽ 07.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കിഷോർ തോമസ്.എം,<br>ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ സജീവ്.എൻ.എം.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.പുഷ്പ.ആർ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി റീന ആർ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി അരുണജ തമ്പി | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015 | 18.11.2015 |
| | ശ്രീ.എം.പി.പോൾസൺ | 19.11.2015 | 31.3.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീമതി എൻ.ആർ വിജയം | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സിന്ധുമോൾ വി.എസ് | 1.4.2015 | 22.7.2015 |
| | ശ്രീമതി.എ.ജയലക്ഷ്മി | 23.7.2015 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സിമ്മി.സി.കെ | 1.4.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനിൽകുമാർ | 1.4.2015 | 31.03.16 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.സുസ്മിത ബായി | 1.4.2015 | 25.05.2015 |
| | ഡോ.ജോൺ | 26.05.2015 | 29.05.2015 |
| | ഡോ.നിജി വർഗ്ഗീസ് | 30.05.2015 | 11.02.2016 |
| | ഡോ.രസീന.എൻ.കെ | 12.02.2016 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അഭിലാഷ്.എസ് | 01.04.2015 | 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.എം.എ.ജാൻസി | 1.4.2015 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ( പല്ലംതുരുത്ത്) | ശ്രീമതി ബീന കെ.പി | 1.4.2015 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ചിറ്റാറ്റുകര) | ശ്രീ.ശിവപ്രസാദ് | 1.4.2015 | 31.3.2016 |
| ഹെഡ് മാസ്റ്റർ/ GLPS | ശ്രീമതി.സാവിത്രി.ഇ.കെ | 1.4.2015 | 31.3.2016 |
| വെറ്ററിനറി സർജൻ | ഡോ.സീന .എൻ.എസ് | 1.4.2015 | 31.03.16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സിന്ധു.എസ് | 01.04.15 | 30.5.2015 |
| | ശ്രീ.ജോഷി | 1.6.2015 | 31.07.15 |
| | ശ്രീമതി.സിന്ധു.എസ് | 01.08.15 | 04.08.15 |

| | | | |
|---|---|---|---|
| | ശ്രീമതി.സലേഷ്യ സാജൻ | 05.08.15 | 31.03.16 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. പ്രിൻസി.എസ്.ജോൺ | 1.4.2015 | 31.3.2016 |
| സബ് ഇൻസ്പെക്ടർ, ഫിഷറീസ് | കെ.പി. ഗ്രേസി | 1.4.2015 | 31.3.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത | 2-1 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയത് | 2-2 |
| 14 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ കന്നുകാലി ഫാം പ്രവർത്തിക്കുന്നു | 2-3 |
| | ഭാഗം – 3 | |
| 15 | അങ്കണവാടി കേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച് | 3-1 |
| 16 | ക്ഷേമ പെൻഷനുകൾ മണിയോർഡറായി അയയ്ക്കുന്നത് വളരെ അധികം എണ്ണം കൈപ്പറ്റാതെ തിരികെ വരുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ് | 3-2 |
| 17 | വാട്ടർ ടാങ്ക് വിതരണം അപാകത | 3-3 |
| 18 | എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-അപാകത | 3-4 |
| 19 | ടാറിങ് റീടാറിങ് പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. | 3-5 |
| 20 | അംബേദ്കർ റോഡ് നിർമ്മാണം വർഡ് -14 അപാകത | 3-6 |
| 21 | വാഹന ഉപയോഗം സംബന്ധിച്ച് | 3-7 |
| | ഭാഗം – 4 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 |
| 32 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 |
| 33 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 |



.

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-2016വർഷത്തെ പുതുക്കിയ ബജറ്റ് 10-02-14 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം കാണുന്നു. വിശദവിവരം ചുവടെ-

| 2015-16 | | | | |
|---|---|---|---|---|
| ക്രമനം | വരവ് | | ചെലവ് | |
| 1 | ബജറ്റ് വരവ് | 9,83,38,000 | ബജറ്റ്ചെലവ് | 10,02,31,000 |
| 2 | യഥാർത്ഥ വരവ് | 3,53,75,199 | യഥാർത്ഥ ചെലവ് | 4,64,71,989 |
| 3 | വ്യത്യാസം | 6,29,62,801 | വ്യത്യാസം | 5,37,59,011 |
| 4 | ശതമാനം | 64 | ശതമാനം | 53.64 |

ബജററ് എന്നത് അടുത്ത സാമ്പത്തിക വർഷത്തിൽ ഉണ്ടാകുന്ന വരവ്- ചെലവുകളുടെ മുൻകൂട്ടിയുള്ള വിലയിരുത്തലാണ്. എല്ലാ സാമ്പത്തിക ഇടപാടുകളുടെയും വിലയിരുത്തൽ ബജറ്റിനെ അടിസ്ഥാന പ്പെടുത്തിയാണ്. എന്നാൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് യഥാർത്ഥ വരവ്-ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.വരവ്-ചെലവുകളുമായി പൊരുത്തപ്പെടുത്തിവേണം ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| 2015-2016 | | | |
|---|---|---|---|
| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
| 31-07-2016 | 30-06-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

ധനകാര്യപത്രിക പരിശോധിച്ചു. അപാകത ഇല്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| 2015-2016 | |
|---|---|
| മുന്നിരിപ്പ് | 2,41,85,234 |

| | |
|---|---|
| വരവ് | 3,53,75,199 |
| ആകെ | 5,95,60,433 |
| ചെലവ് | 4,64,71,989 |
| നീക്കിയിരിപ്പ് | 1,30,88,444 |

## 1-5 ഫണ്ട് വിനിയോഗം

2015-2016

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ഫണ്ട് ട്രാൻസ്ഫർ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 15,43,065 | 1,10,83,620 | 1,26,26,685 | 1,26,26,685 | - | - |
| വികസനഫണ്ട് എസ്.സി.പി. | 39,22,591 | 28,38,657 | 67,61,248 | 67,61,248 | - | - |
| വികസനഫണ്ട് ടി.എസ്.പി. | 7,023 | 60,300 | 67,323 | 67,323 | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 81,134 | 28,50,864 | 29,31,998 | 29,31,998 | | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 7,18,138 | 14,58,879 | 2177017 | 2177017 | - | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7,24,946 | 65,97,298 | 73,22,244 | 73,22,244 | - | |
| പെർഫോമൻസ് ഗ്രാന്റ് | 31,78,056 | 13,19,870 | 44,97,926 | 44,97,926 | - | - |

x. വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ 6441995/- രൂപ എസ്.സി.പി 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പെർഫോർമൻസ് ഗ്രാന്റ് എന്നിവയിൽ നിന്നുള്ള ട്രാൻസ്ഫർ ക്രഡിറ്റാണ്. ടി അക്കൗണ്ടിലേക്ക് റീളപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.
2015-2016

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 118 | 432,51,026 | 95 | 3,40,49,221 | 4 | 19 | 81 |

## 1-7 തനത് വരുമാനം.

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 50,05,647 | 30,60,703 | (-)19,44,944 | (-)38.85 |
| നികുതിയേതര വരവുകൾ | 6,21,881 | 6,16,319 | (-) 5562 | (-).89 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 2,56,469 | 2,20,475 | (-) 35,994 | (-)14.03 |
| ആകെ | 58,83,997 | 38,97,497 | (-)19,86,500 | (-)33.76 |

## 1-8 ക്ഷേമപദ്ധതികൾ

2015-2016-ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,41,960 | 96 |
| കർഷകതൊഴിലാളി പെൻഷൻ | 8,89,710 | 109 |
| വിധവാപെൻഷൻ | 1,22,80,800 | 1211 |
| വാർദ്ധക്യകാലപെൻഷൻ | 1,49,74,530 | 1920 |
| വികലാംഗപെൻഷൻ | 33,63,145 | 325 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 997560 | 96 |
| വിധവകളുടെ പെൺമ ക്കളുടെ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-12-16ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4913/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം-

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. ജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭിക്കുന്നുണ്ട്. ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പൂർണ്ണ രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. ഡി&ഒ ലൈസൻസ് രജിസ്റ്റർ ക്രമപ്രകാരം എഴുതി സൂക്ഷിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതിയിനത്തിൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നുണ്ട്. അങ്കണവാടികൾക്ക് വൈദ്യുതീകരണം പദ്ധതി പ്രകാരം വിവിധ അങ്കണവാടികൾക്ക് വൈദ്യുതീകരണം നടത്തിയിട്ടുണ്ടെങ്കിലും ചില അങ്കണവാടികളിൽ ഇപ്പോഴും വൈദ്യുതി ലഭിച്ചിട്ടില്ല. മൊബൈൽ ടവർ വസ്തു നികുതി സമയബന്ധിതമായി പിരിച്ചെടുക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.11.2016മുതൽ 08.11.2016 വരെ | 01.10.2016മുതൽ 31.10.2016 വരെ | 31.07.2016 വരെ റിപ്പോർട്ട് ലഭിച്ചു |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.08.2007 മുതൽ 21.08.2007 വരെ | 1997-98 മുതൽ 2006-07 വരെ | 04.10.2007 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത

ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 438/- രൂപ (രസീത് നം.11601104017 തീയതി 05.12.16-100രൂപ, രസീത് നം.11601104023 തീയതി 05.12.16-13, രസീത് നം.11601104024 തീയതി 05.12.16-13, രസീത് നം.11601104025 തീയതി 05.12.16-13, രസീത് നം.11601104020 തീയതി 05.12.16-62/-രൂപ, രസീത്

നം.11601104021-50/-രൂപ, തീയതി 05.12.16, രസീത് നം.11601104022 തീയതി 05.12.16-187/-രൂപ) പ്രകാരം അടച്ചിട്ടുണ്ട്.

(എ)75 ാം ലൈസൻസിയായ ശ്രീ ബൈജു എ ബി 94 ാം ലൈസൻസിയായ ശ്രീ സുധീഷ് എം ബി 244 ാം ലൈസൻസിയായ ശ്രീ കെ എസ് ജലാധരൻ എന്നിവർ പടക്കം വില്പന നടത്തുന്നതിനായ് ലൈസൻസ് പുതുക്കുന്ന വേളയിൽ ഫയർ ആന്റ് സേഫ്റ്റിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെങ്കിലും ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

(ബി) 127ാം ലൈസൻസിയായ ശ്രീ മൈക്കിൾ പി റ്റി (ഇരുമ്പ് ഉരുക്ക് സ്റ്റീൽ എന്നീ ലോഹങ്ങൾ കൊണ്ടുള്ള സാധനങ്ങളുടെ വിൽപന) യിൽ നിന്നും സെയിൽ ടാക്സ് രേഖയിലെ വിറ്റുവരവ് പ്രകാരമുള്ള തുകയുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയത്

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ മൊബൈൽ ടവറുകളിൽ 2015-16 സാമ്പത്തിക വർഷം വസ്തുനികുതി ഈടാക്കിയിട്ടില്ല.

| മൊബൈൽ ടവർ കമ്പനി | വസ്തുവിന്റെ വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തു നികുതി @500 $m^2$ |
|---|---|---|
| മെസ്സേഴ്സ് ഇൻഡസ് ടവേഴ്സ്,കെട്ടിട നം-1/79 | 14.21 എം2 | 14.21*500=7105 |
| മെസ്സേഴ്സ് ഇൻഡസ് ടവേഴ്സ്,കെട്ടിട നം5/484 | 12 എം2 | 12*500=6000 |
| ഭാരതി ഇൻഫ്രടെൽ ലിമിറ്റഡ്,കെട്ടിട നം9/446 | 5 എം2 | 5*500=2500 |
| വയർലെസ് ടാറ്റാ ടെലി ലിമിറ്റഡ്,കെട്ടിട നം15/254/1 | 15 എം2 | 15*500=7500 |
| ആകെ | | 23105/- |

വസ്തു നികുതി ഇനത്തിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും 23105/-രൂപ ഈടാക്കേണ്ടതാണ്

## 2-3 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ കന്നുകാലികളെ വളർത്തുന്നു.

ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012 ചട്ടം 3 പ്രകാരം അഞ്ചിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്നതിന് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232 ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് നല്കുന്ന ലൈസൻസ് നിർബന്ധമാണ്.എന്നാൽ വെറ്ററിനറി വകുപ്പിന്റെ രേഖകൾ പ്രകാരം ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ താഴെ പ്പറയുന്ന വ്യക്തികൾ 5 ൽ കൂടുതൽ കന്നുകാലികളെ വളർത്തുന്നുണ്ട്.

| പേര് | വാർഡ് |
|---|---|
| ചന്ദ്രൻ, കണിച്ചിലിടത്ത് | 111 |
| പ്രദീപ്, ആവണിപ്പിള്ളിൽ | 1V |
| ജയദേവൻ,തൈമച്ചേടത്ത് | 1V |
| പ്രതാപൻ,തണ്ടാശ്ശേരിൽ | V |
| ടോമി ആക്കുന്നത്ത് | V |
| സജീവ്,വള്ളത്തേതിൽ | V |

മേൽ വ്യക്തികൾ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് എടുത്തിട്ടില്ല ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അങ്കണവാടി കേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച്

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 29 അങ്കണവാടി കേന്ദ്രങ്ങൾ ഉണ്ട്. അതിൽ 22 എണ്ണം സ്വന്തം കെട്ടിടത്തിലും 6 എണ്ണം വാടക കെട്ടിടത്തിലും 1 വാടകയില്ലാതെ ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. ഇതിൽ 7 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല. മാത്രവുമല്ല വാടകകെട്ടിടത്തിലുള്ള അങ്കണവാടികൾക്കൊന്നും ശുചിമുറിയുമില്ല. നിലവിൽ അങ്കണവാടികളിലൊന്നും കുടിവെള്ള സൗകര്യവും ലഭ്യമല്ല.

സർക്കുലർ നമ്പർ 31055/ഡി.സി 2/2011/ത സ്വ ഭ വ. 22.03.2011 പ്രകാരം ടോയിലറ്റ് കുടിവെള്ളം മുതലായ ഭൗതിക സൗകര്യങ്ങൾ ലഭ്യമായതും സുരക്ഷിതത്വമുള്ളതുമായ കെട്ടിടങ്ങൾ മാത്രമെ വാടകയ്ക്കെടുക്കാൻ പാടുള്ളൂ. ആയതിനാൽ ഈ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ കെട്ടിട ഉടമയോട് ആവശ്യപ്പെടേണ്ടതാണ്. എല്ലാ അങ്കണവാടികളിലും കുടിവെള്ള സൗകര്യവും ടോയിലെറ്റും ചുറ്റുമതിലും മറ്റടിസ്ഥാന സൗകര്യങ്ങളും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിന് ഭരണസമിതി പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

അങ്കണവാടികളുടെ ഉപയോഗത്തിന് കാലാകാലങ്ങളിൽ വിതരണം ചെയ്ത സാധനങ്ങളിൽ ഉപയോഗയോഗ്യമല്ലാത്ത പലതും അങ്കണവാടികളിൽ കൂട്ടിയിട്ടിരിക്കുന്നതു കാരണം അനാരോഗ്യകരമായ അന്തരീക്ഷം ഉണ്ടാകാനിടയുണ്ട്. ആയതിനാൽ അപ്രകാരമുള്ള വസ്തുക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ/ഓവർസീയർ നിശ്ചയിച്ചു നൽകുന്ന വിലയിൽ കുറയാതെ അങ്കണവാടി വെൽഫയർ കമ്മറ്റിയുടെ നേതൃത്വത്തിൽ ലേലം ചെയ്ത് വിൽക്കേണ്ടതും ലഭിക്കുന്ന തുക ഫ്ളെക്സി ഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

## 3-2 ക്ഷേമ പെൻഷനുകൾ മണിയോർഡറായി അയയ്ക്കുന്നത് വളരെ അധികം എണ്ണം കൈപ്പറ്റാതെ തിരികെ വരുന്നു.

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 27.04.2015- ൽ വിവിധ ക്ഷേമപെൻഷനുകൾ മണിയോർഡറായി അയച്ചത് കൈപ്പറ്റാതെ മടങ്ങിവന്ന തുകയായ 75100/- രൂപ തിരിച്ചടച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (വൗച്ചർ നമ്പർ 51500056)

| ക്രമ നം | ക്ഷേമപെൻഷൻ | തിരികെ വന്നതുക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 30500 |
| 2 | വിധവാ പെൻഷൻ | 19700 |
| 3 | വികലാംഗ പെൻഷൻ | 12200 |
| 4 | കർഷകത്തൊഴിലാളി പെൻഷൻ | 1800 |
| 5 | അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്ക് പെൻഷൻ | 10900 |
| | ആകെ | 75100 |

പെൻഷണർ മരണമടഞ്ഞതുകൊണ്ടും താമസം മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിലേയ്ക്ക് മാറ്റിയതു കൊണ്ടുമാണ് മണിയോർഡർ കൈപ്പറ്റാതെ മടങ്ങിവരുന്നത്. ഈ വിവരങ്ങൾ യഥാസമയം പെൻഷൻ രജിസ്റ്ററിലും ഡാറ്റാബെയ്സിലും ചേർക്കാത്തതുകൊണ്ടാണ് അർഹതയില്ലാത്ത പെൻഷൻ മണിയോർഡർ അയയ്ക്കേണ്ടി വരുന്നത്. ഇത് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിയ്ക്കേണ്ടതാണ്. മണിയോർഡർ തിരികെ വരുന്നതു മൂലം മണിയോർഡർ കമ്മീഷൻ ഇനത്തിലും പഞ്ചായത്തിനു നഷ്ടം സംഭവിക്കുന്നുണ്ടെന്ന വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 വാട്ടർ ടാങ്ക് വിതരണം അപാകത

പ്രോജക്ട് നം.S0112/15

പ്രോജക്ട് അടങ്കൽ-300000/-

ചെലവഴിച്ച തുക.-1,75,000/-(ബിൽ നം21/15-16 തീ.28.03.16)

പ്രോജക്ടിന്റെ പേര് -വാട്ടർ ടാങ്ക് വിതരണം

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വാട്ടർ ടാങ്ക് വിതരണം പ്രോജക്ട് പ്രകാരം പട്ടിക ജാതിയിൽപ്പെട്ട 115 ഗുണഭോക്താക്കൾക്ക് ടാങ്ക് നല്കിയിട്ടുണ്ട്. ഇതിൽ തുളസി എന്ന ഗുണഭോക്താവ് ഹാജരാക്കിയ രേഖകകളിൽ ഗൃഹനാഥന് ഗവ ജോലി ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. റേഷൻ കാർഡ് ഉടമയുടെ പേര്-കെ.സി.കുഞ്ഞൻകുട്ടി. റേഷൻ കാർഡ് നം-1737095047. സബ്സിഡി മാർഗ്ഗ രേഖ Go(P)-362/13 LSGD 06.11.2013 അനുബന്ധം-2-14 പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/എയ്ഡഡ്/സഹകരണ സ്ഥാപനങ്ങൾ/പെൻഷണർമാർ എന്നിവർ ഉൾപ്പെടുന്ന കുടുംബം 50000/-രൂപയിൽ കുറവ് വരുമാനം ഉള്ളതായി കണക്കാക്കാവുന്നതല്ല. മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി സബ്സിഡിയിനത്തിൽ തുളസി എന്ന അനർഹയായ ഗുണഭോക്താവിന് നൽകിയ സബ്സിഡി തുക 1500 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

## 3-4 എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-അപാകത

പ്രോജക്ട് നം.S0112/15

പ്രോജക്ട് അടങ്കൽ-300000/-

ചെലവഴിച്ച തുക.-1,68,000/-(ബിൽ നം.3/15-16 തീയതി 09.10.15 തുക-1,00,000)

(ബിൽ നം.8/15-16 തീയതി 08.12.15തുക-44,000)

(ബിൽ നം.17/15-16 തീയതി 08.12.15തുക-20,000)

(ബിൽ നം.17/15-16 തീയതി 08.12.15തുക-4000)

പ്രോജക്ടിന്റെ പേര് -എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം പദ്ധതിയിൽ 42 എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്.12-ാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം 10-ാം ക്ളാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് സൈക്കിൾ നല്കാവുന്നത് . എന്നാൽ 10 വിദ്യാർത്ഥികൾ പത്താം ക്ലാസിലും താഴ്ന്ന ക്ലാസുകളിൽ പഠിയ്ക്കുന്നവരാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി താഴ്ന്ന ക്ലാസിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണത്തിന് ചെലവഴിച്ച 40,000/-രൂപയുടെ ചെലവ് (10*4000) തടസ്സപ്പെടുത്തുന്നു.

## 3-5 ടാറിങ് റീടാറിങ് പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

റോഡ് നിർമാണത്തിനുള്ള ടാർ റിഫൈനറിയിൽ നിന്നും VG-10, VG-30 എന്നീ രണ്ടു തരത്തിൽ ബൾക്കായും ബാരലിൽ നിറച്ചും ലഭ്യമാണ്. ബാരൽ ബിറ്റുമിന് ബൾക്ക് ബിറ്റുമിനേക്കാൾ ഒരു ടണ്ണിന് 3000/- രൂപ അധികമാണ്. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ റോഡ് വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും തുക അനുവദിച്ചിരിക്കുന്നതും VG-30 ബാരൽ ബിറ്റുമിന്റെ വില അടിസ്ഥാനമാക്കിയാണ്. ഇങ്ങനെ വരുമ്പോൾ ടാറിന്റെ വിലയോടൊപ്പം ബാരലിന്റെ വിലയും പഞ്ചായത്ത് കരാറുകാരന് നൽകിയിട്ടുണ്ട്. ആയതിനാൽ പണി പൂർത്തിയാകുമ്പോൾ ഒഴിഞ്ഞ ടാർ വീപ്പ പഞ്ചായത്തിന് മടക്കി നൽകുകയോ അല്ലെങ്കിൽ വീപ്പയുടെ വിലയും നികുതിയും ബില്ലിൽ നിന്നും കുറവ് ചെയ്യുകയോ ചെയ്യേണ്ടതാണ്. എന്നാൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ഒഴിഞ്ഞ ബാരലിന്റെ വില കരാറുകാരനിൽ നിന്നും കുറവ് ചെയ്തിട്ടില്ല. 2014 DSR പ്രകാരം ഒഴിഞ്ഞ ബാരലിന് 238/- രൂപയും നികുതിയുമാണ് വില. സാധാരണയായി ഒരു ബാരൽ ടാർ 156 Kg തൂക്കം വരുന്നതാണ്. ആയതിനാൽ ആകെ ഉപയോഗിച്ച ടാറിന്റെ തൂക്കത്തെ 156 കൊണ്ട് ഹരിച്ചാൽ ഉപയോഗിച്ച ടാർ ബാരലിന്റെ എണ്ണം ലഭിയ്ക്കുന്നതാണ്. ബാരലിന്റെ വില കരാറുകാരനിൽ നിന്നും കുറവ് ചെയ്യാത്തതിനാൽ താഴെപ്പറയുന്ന നഷ്ടം വന്നിട്ടുണ്ട്.

| ക്രമ | വിശദാംശങ്ങൾ | ഉപയോഗിച്ച | ടാർ ബാരലിന്റെ | ഈടാക്കേണ്ട തുക + |
|---|---|---|---|---|

| നം. | | ടാറിന്റെ തൂക്കം (x) | എണ്ണം (y= x/156) | നികുതി (z=y*238 ) |
|---|---|---|---|---|
| 1 | എസ് എം എൽ ഐശ്വര്യ റോഡ് ടാറിങ്<br>വാർഡ് :9<br>കരാറുകാരൻ :ഇ വി ഉണ്ണികൃഷ്ണൻ<br>കരാറുകാരനനൽകിയ തുക : 341692/-<br>എം ബുക്ക് :21/15-16<br>ഡി ഡി നം : 855437/15.02.16 | 796 kg | 5 | 1190 |
| 2 | പറയകാട് വലിയപല്ലം തുരുത്ത് റോഡ്-റീടാറിങ്<br>വാർഡ് :4&10<br>കരാറുകാരൻ ഷീൻ എ വില്യംസ്.<br>എം ബുക്ക് നം:28/15-16<br>കരാറുകാരനനൽകിയ തുക : 669577/-<br>ഡി ഡി നം : 8578516/18.03.16 | 5244 kg | 33 | 7854 |
| 3 | ചന്തപ്പാടം പാറപ്പുറത്ത് റോഡ് റീടാറിങ്<br>വാർഡ് : 8<br>കരാറുകാരൻ : നാസർ<br>എം ബുക്ക് നം: 34/15-16<br>കരാറുകാരനനൽകിയ തുക : 373019/-<br>ഡി ഡി നം : 353481/18.03.16 | 2904 kg | 18 | 4284 |
| 4 | വലിയകുളം ബേക്കറി റോഡ് റീ ടാറിങ്<br>വാർഡ് : 7<br>കരാറുകാരൻ : വി ബി ജയപാലൻ<br>എം ബുക്ക് നം : 16,17/15-16<br>കരാറുകാരനനൽകിയ തുക : 225212/-<br>ഡി ഡി നം : 855434/15.02.16 | 1852 kg | 12 | 2856 |
| 5 | മരണ സംഘം റോഡ് ടാറിങ്<br>വാർഡ് : 2<br>കരാറുകാരൻ : കെ എം മഹേഷ്<br>എം ബുക്ക് നം 14/15-16<br>കരാറുകാരനനൽകിയ തുക : 275580/-<br>ഡി ഡി നം : 855433/15.02.16 | 677 kg | 4 | 952 |
| 6 | ടി കെ സെയ്തു മുഹമ്മദ് റോഡ് ടാറിങ്<br>വാർഡ് : 3<br>കരാറുകാരൻ : ഷീൻ എ വില്യംസ്<br>എം ബുക്ക് നം : 24/15-16<br>കരാറുകാരനനൽകിയ തുക : 637494/-<br>ഡി ഡി നം : 857852/18.03.16 | 5536 kg | 35 | 8330 |
| 7 | ചൗക്കകടവ് റോഡ് റീടാറിംഗ്<br>കരാറുകാരൻ : ഷീൽ. A .വില്ല്യസ്<br>എം ബുക്ക് 22/15-16<br>നൽകിയ തുക: 479858<br>D.D നമ്പർ: 858504<br>28.03.2016 | 2273 kg | 14 ബാരൽ | 3332 |
| 8 | കുറ്റിച്ചിറപാലം തട്ടുകടവ് റോഡ് റിടാറിംഗ്<br>കരാറുകാരൻ:K. സുകുമാരൻ<br>എം. ബുക്ക് 6/15-16<br>നൽകിയ തുക: 373016<br>D.D. നമ്പർ : 857844<br>18.03.2016 | 2501 kg | 16 ബാരൽ | 3808 |
| 9 | കൈപ്പുറം IHDP കോളനി റോഡ് ടാറിംഗ്<br>കരാറുകാരൻ P.K. നാസർ<br>എം.ബുക്ക് 3/15-16<br>നൽകിയ തുക 2,08,524<br>DD : 88507 | 2017 kg | 13 ബാരൽ | 3094 |

| | | | | |
|---|---|---|---|---|
| | 28.3.16 | | | |
| 10 | റേഷൻ കട റോഡ് റീടാറിംഗ്<br>വാർഡ് -13<br>കരാറുകാരൻ: ഹരിലാൽ A.S.<br>എം ബുക്ക് 26/15-16<br>നൽകിയ തുക 328362/-<br>DD No. 857850<br>18.3.2016 | 1973 kg | 12ബാരൽ<br>(1973/156) | 2856 |
| 11 | മാർക്കണ്ഡേശ്വരം ലൂപ്പ്<br>റോഡ് ടാറിംഗ്<br>വാർഡ് – 7<br>കരാറുകാരൻ :സുരേഷ്. T.G<br>എം.ബുക്ക് 18/2015-16<br>നൽകിയ തുക : 360043<br>DDNo. 85811<br>28/3/16 | 852kg | 5 ബാരൽ | 1190 |
| | ആകെ | | | 39,746 |

# 3-6 അബേദ്കർ റോഡ് നിർമ്മാണം വാർഡ് -14 അപാകത

3-6 അബേദ്കർ റോഡ് നിർമ്മാണം വാർഡ് -14 അപാകത

കരാറുകാരൻ: ശ്രീ. എം.എം. ദിലീപ്

കരാർ നിരക്ക് : 16.3% കുറവ് (2012 SOR)

കരാറുകാരന് നൽകിയ തുക : 377133/- രൂപ

ഡി.ഡി. നമ്പർ: 756145

19.06.2015

എം. ബുക്ക് 94/15-16

86 മീറ്റർ റോഡ് 30cm കനത്തിൽ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് നടത്തി ഉയർത്തി 60 mm ഗ്രേഡ്സ് മെറ്റൽ ഉപയോഗിച്ച് Ist മെറ്റലിംഗ് നടത്തുന്ന പ്രവൃത്തിയാണിത്. 2012 SOR +15% CP&OHC ഉൾപ്പെടെയുള്ള നിരക്ക് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്.

ക്വാറിമക്ക് ഫില്ലിങ്ങിന് ഒരു ഘന മീറ്ററിന് (($M^3$) 1273 രൂപയാണ് ബില്ലിൽ അനുവദിച്ചിരിയ്ക്കുന്നത്. എറണാകുളം ജില്ലാപഞ്ചായത്ത് അംഗീകരിച്ച പറവൂർ ബ്ലോക്കിലെ പഞ്ചായത്തുകൾക്കുള്ള ഡാറ്റാ പ്രകാരം അനുവദനീയമായ നിരക്ക് 1130/$M^3$ എന്നാകുന്നു.
വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1 $M^3$ ക്വാറിമക്കിന്റെ വില ((Sl. No.620) @ 265/$M^3$ | 265.00 |
| കടത്തുകൂലി @ 710/ $M^3$ | 710.00 |
| | 975.00 |
| (കൂട്ടുക) CP+O.H (15%) | 146.25 |
| പവർ റോളർ കൺസോളിഡേഷൻ (Sl No. 61) | 9.05 |
| ആകെ | 1130.30 |

അതുപോലെ തന്നെ 2014 DSR നിരക്കും 1.3905 കോസ്റ്റ് ഇന്റക്സും ഉൾപ്പെടെയുള്ള നിരക്ക് ഒരു ഘനമീറ്ററിന് 1184 രൂപ മാത്രമാണ്. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടുള്ള

(1) SNDP റോഡ് കോൺക്രീറ്റിംഗ് വാർഡ് -6

(2) ഓലിശ്ശേരിപ്പാടം റോഡ് കോൺക്രീറ്റിങ്ങ് വാർഡ് -3 – എന്നീ പ്രവൃത്തികളിലും മറ്റു വേലകളിലും ഒരു ഘനമീറ്ററിന് 1184 രൂപയാണ് അനുവദിച്ചിരിക്കുന്നത്.

ഈ പ്രവൃത്തിയ്ക്കു മാത്രമാണ് പ്രത്യേകം കാരണം ഒന്നും രേഖപ്പെടുത്താതെ ഉയർന്ന നിരക്ക് നൽകിയിരിയ്ക്കുന്നത്.

2014 ലെ DSR നിരക്ക് അനുവദിച്ചാൽ തന്നെ ഒരു ഘന മീറ്ററിന് 89/- രൂപ അധികമാണ്

അനുവദിച്ച തുക

ഇനം (1) 129 $M^3$ x1273/$M^3$= 164217

അനുവദിയ്ക്കാവുന്നത്

129$M^3$ x1184/$M^3$ = 152736

അധികം = 11481

ടെണ്ടർ കുറവ് (16.3%) 1872

ആയതിനാൽ അധികം നൽകിയ 9609 രൂപ കരാറുകാരനിൽ നിന്നോ/ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 വാഹന ഉപയോഗം

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിന്റെ KL-42H-5000 നമ്പർ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 01.01.2015ന് ശേഷം വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല. ഓരോ ആറുമാസം കഴിയുമ്പോഴും മൈലേജ് ടെസ്റ്റ് നടത്തി ആയതിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതാണ്. അപ്രകാരം ഒരു ലിറ്റർ ഇന്ധനം ഉപയോഗിച്ച് വാഹനം ഓടുന്ന ദൂരം സാക്ഷ്യപ്പെടുത്തിയാലെ നിറച്ച ഇന്ധനത്തിന് ആനുപാതികമായി വാഹനം ഓടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ.

അതുപോലെ തന്നെ വാഹന പുക പരിശോധന സർട്ടിഫിക്കറ്റ് കാലാവധി കഴിഞ്ഞിട്ടുള്ളതാണ്. ആയതും പരിശോധനയ്ക്ക് വിധേയമാക്കി സർട്ടിഫിക്കറ്റ് വാഹനത്തിൽ സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 1,00,000 | പാലിയേറ്റിവ് കെയർ | 1,00,000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2015-2016 | 1,25,000 | ശാരീരികവും മാനസ്സികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,25,000 | - |
| ജില്ലാ പഞ്ചായത്ത് | 2015-2016 | 1,03,862 | ശാരീരികവും മാനസ്സികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,03,862 | - |
| ആകെ | | 3,28,862 | | 3,28,862 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2015-16

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS-ഭവനം | GO(MS)781/2010 /LSGD-08/03/2010 | 1,43,32,500 | 42,69,750 | - | 367806 | 42,69,750 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3(4) | 15375 | സലിലകുമാർ | 11501101281/ 27.06.15 |
| 2013-14 | 3(2) | 360 | എൻ.ആർ.വിജയം സെക്രട്ടറി | 11501101480/ 28.04.15 |
| 1998-99 | 18(a),(b) | 6171 | ഫാനസി പരമേശ്വരൻ കൃഷി ഓഫീസർ | 11501103473/ 21.012.15 |
| 1999-00 | 28 | 100 | നാസർ,കറുകപ്പാടം | 11501104942/ 23.03.16 |
| 1999-00 | 28 | 100 | പി.എ.വർഗ്ഗീസ്,പടയാട്ടിൽ | 11501104943/ 23.03.16 |
| 1999-00 | 28 | 50 | ജയപാലൻ കര്യാപ്പള്ളി | 11501104902/ 23.03.16 |
| 1999-00 | 28 | 27 | മത്തായി തോമസ് | 11501105358/ 31.03.16 |
| | | 85 | ശശിധരൻ | 11501105359/ 31.03.16 |
| | | 17 | നാരായണൻ | 11501105360/ 31.03.16 |
| | | 449 | പുഷ്പ ജോസഫ് | 11501105362/ 31.03.16 |
| | | 30 | ചന്ദ്രൻ രതീശൻ | 11501105366/ 31.03.16 |

| | | | | |
|---|---|---|---|---|
| | | 17 | സലീല കുമാർ | 11501105363/ 31.03.16 |
| | | 224 | NSS കരയോഗം | 11501105364/ 31.03.16 |
| | | 14 | കെ.പി.കോമള | 11501105365/ 31.03.16 |
| 2000-01 | 28 | 120 | സജീവ്.എം.എസ് | 11501105361/ 31.03.16 |
| ആകെ | | 23139 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2(4) | 2006-07 | 3.39(1) | മരാമത്ത് പണികൾക്ക് മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തികരിച്ചില്ല. | തുക അടവാക്കി നിയമസഭ സമിതി മുൻപാകെ സമർപ്പിച്ചിരിക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം
2015-2016

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,53,75,199 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,64,71,989 |
| വരവിനങ്ങളിലുള്ള നഷ്ടം | 23,105 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50855 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 23105 | | ശ്രീമതി എൻ.ആർ.വിജയം സെക്രട്ടറി |
| 3-3 | | 1500 | ശ്രീമതി. ജയലക്ഷ്മി.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | | 39746 | ശ്രീമതി സലീഷ സജനി അസി.എഞ്ചിനീയർ |
| 3-6 | | 9609 | സലിഷ സജനി അസി.എഞ്ചിനീയർ |
| ആകെ | 23105/- | 50855 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-4 | 40,000 | ശ്രീമതി ജയലക്ഷ്മി.എ<br>അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവ രുടെ സ്ഥിരം മേൽവിലാസങ്ങൾ-

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി എൻ.ആർ.വിജയം<br>സെക്രട്ടറി | സെക്രട്ടറി<br>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | പ്ലാപ്പിള്ളിൽ ഹൗസ്<br>കിഴക്കേപ്രം<br>എൻ.പറവൂർ |
| ശ്രീമതി<br>ജയലക്ഷ്മി.എ<br>അസി.സെക്രട്ടറി | ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | പറപ്പിള്ളി വീട് ,<br>ഏഴിക്കര |
| ശ്രീമതി.സലീഷ സജനി<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ<br>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | മാവുങ്കൽ വീട്<br>ചെറിയ കടവ്,<br>കണ്ണമാലി പി ഒ<br>പിൻ-682008 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് ഇ (പി2)613/98/തീ.03.02.1999 |
| 1998-99 | എൽ എഫ് ഇ (പി2)586/01/തീ.05.08.02 |
| 1999-00 | എൽ എഫ് ഇ (പി2)1515/01/തീ.05.08.2002 |
| 2000-01 | എൽഎഫ്ഇ(പി2)1454/02തീ.22.09.2007 |
| 2001-02 | എൽഎഫ്ഇ(പി2)822/07തീ.22.09.2007 |
| 2002-03 | എൽഎഫ്ഇ(പി2)823/07തീ.22.09.2007 |
| 2003-04 | എൽഎഫ്ഇ(പി2)581/10തീ.20.05.2011/1.08.2011 |
| 2004-05 | എൽഎഫ്ഇ(പി2)582/10തീ.20.05.2011/11.07.2011 |
| 2005-06 | എൽഎഫ്ഇ (പി2)583/10തീ.20.05.2011/11.07.2011 |
| 2007-08 | എൽഎഫ്ഇ (പി2)1595/08തീ.16.02.2009/6.6.2009 |
| 2008-09,<br>2009-10,<br>2010-11, | എൽഎഫ്ഇ(പി2)1295/12/.18.08.12/12.10.12 |
| 2011-12,<br>2012- 13 | എൽഎഫ്ഇ(പി2)2036/12/.16.12.13 |
| 13-14 | എൽഎഫ്ഇ (പി10)647/15/തീ.08.06.15 |
| 14-15 | കെ.എസ്.എ.ഇ.കെ.എം(പി.10)/1247/16 തീ.03.08.2016 |

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

.

## <u>അനുബന്ധം - 1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.-ഇകെഎം(പി.12)2123/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :15.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ <u>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2015-16</u> വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ <u>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2015-16</u> ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE

No.K.S.A.-EKM(P12)2123/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 15.12.2016

Certified that I have audited the Annual Financial Statement of Chittattukara Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chittattukara Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)